DESPATCHED
ON 22/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2031(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 16475/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 ഫെബ്രുവരി 20

ശ്രീ. സതീഷ് കുമാർ കെ.എ.,
കാര്യപ്പറമ്പിൽ വീട്,
കൊട്ടേക്കനാൽ റോഡ്,
കൊച്ചി – 682 018. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,
കാലടി പി.ഒ., എറണാകുളം – 683 574.

2) അപ്പീൽ അധികാരി & ജോയിന്റ് രജിസ്ട്രാർ
ഇൻ ചാർജ് ഓഫ് രജിസ്ട്രാർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,
കാലടി പി.ഒ., എറണാകുളം – 683 574.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സതീഷ്കുമാർ കെ.എ., എറണാകുളം ശ്രീ ശങ്കരാചാര്യ കോളേജിലെ സ്ഥിര അധ്യാപകരുടെയും താത്ക്കാലിക അധ്യാപകരുടെയും ഹാജർ ബുക്കിന്റെ പകർപ്പ്, ശമ്പള ആവശ്യത്തിനായി നൽകിയ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് തുടങ്ങി 4 ഇനങ്ങളടങ്ങിയ വിവരാവകാശ അപേക്ഷ പ്രസ്തുത കോളേജിലെ എസ്.പി.ഐ.ഒ.ക്ക് സമർപ്പിച്ചു. എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ ഇനം 1, 2 എന്നിവയ്ക്ക് വിവരാവകാശ നിയമം 7(9) വകുപ്പു പ്രകാരം സ്ഥാപനത്തിന്റെ പ്രതിദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ പരാതിക്കാരന് മറുപടി നൽകാൻ കഴിയില്ലായെന്നും എന്നാൽ 3, 4 എന്നിവയ്ക്ക് പ്രവൃത്തി ദിനങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ടു വന്നു പരിശോധിക്കാനും അപേക്ഷകൻ വ്യക്തിഗത വിവരങ്ങൾ ആവശ്യപ്പെട്ടതിനാൽ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ല എന്നും അറിയിച്ചു. ഇതിനെ തുടർന്ന് ഹർജിക്കാരൻ വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം

അപ്പീൽ അധികാരിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചു. എസ്.പി.ഐ.ഒ. നൽകിയ മറുപടി ശരി വച്ചു അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കി.

2. മേൽ വിഷയത്തിൽ ഒന്നാം അപ്പീൽ അധികാരി 8.12.2022-ൽ നൽകിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നാളിതുവരെ കോളേജുമായി ബന്ധപ്പെട്ട് 371 വിവരാവകാശ അപേക്ഷകളും അപ്പീൽ അപേക്ഷകളും നൽകിയിട്ടുണ്ടെന്നും എന്തെങ്കിലും വിവരം തേടുന്നതിനുപകരം, വ്യക്തിവിരോധം പ്രകടിപ്പിക്കുന്നതിനും സർവ്വകലാശാല പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനും ദുരുദ്ദേശം പുലർത്തിക്കൊണ്ടും, വിവരാവകാശ നിയമം ദുരുപയോഗം ചെയ്തു കൊണ്ടുമാണ് ടിയാൻ പ്രവർത്തിക്കുന്നതെന്നും ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ഹർജിക്കാരൻ സമർപ്പിച്ച എ.പി.760(3)/2015/എസ്.ഐ.സി. നമ്പർ ഹർജി തീർപ്പാക്കി 22.11.2019-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരൻ നിരന്തരം സ്ഥാപനത്തിന്റെ വിലപ്പെട്ട സമയം അപഹരിക്കുന്നതിനെതിരെയും വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്നതിനെതിരെയും ടിയാനെ കർശനമായി താക്കീത് ചെയ്തിട്ടുള്ളതാണെന്നും ടിയാന്റെ അപ്പീലുകൾ അവഗണിക്കാൻ ഉത്തരവായിട്ടുള്ളതാണെന്നും എ.പി.2488(1)/18/എസ്.ഐ.സി. നമ്പർ അപ്പീലിൽ ഹർജിക്കാരന്റെ 154-ലധികം വിവരാവകാശ അപേക്ഷകൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത് പ്രകാരം ടിയാന് തൃപ്തികരമായ മറുപടി നൽകുക സാധ്യമല്ലെന്നും സർവ്വകലാശാല പ്രവർത്തനത്തെ താളം തെറ്റിക്കുകയാണ് ടിയാന്റെ ഉദ്ദേശമെന്നും കണ്ടെത്തി അപ്പീൽ ഹർജി തള്ളിയിട്ടുള്ളതാണെന്നുമാണ്.

3. കമ്മീഷൻ അപ്പീൽ അധികാരിയുടെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചു. ശ്രീ.സതീഷ് കുമാർ കെ.എ. എന്ന ഹർജിക്കാരന്റെ എ.പി.760(3)/15/എസ്.ഐ.എസി നമ്പർ ഹർജി 22.11.2019-ൽ തീർപ്പാക്കി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ വിവരാവകാശ നിയമത്തിന്റെ ദുരുപയോഗത്തിനെതിരെ ഹർജിക്കാരന് താക്കീത് നൽകി അപ്പീൽ ഹർജി തള്ളി ഉത്തരവായിട്ടുള്ളതാണ്. കൂടാതെ എ.പി.2488(3)/18/എസ്.ഐ.സി. നമ്പർ ഹർജി 6.8.2019-ൽ തീർപ്പാക്കി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഇതേ ഹർജിക്കാരന്റെ വിവരാവകാശ നിയമത്തിന്റെ ദുരുപയോഗം കമ്മീഷൻ പരിശോധിച്ച് അപ്പീൽ ഹർജി തള്ളി ഉത്തരവായിട്ടുള്ളതുമാണ്. മേൽ പറഞ്ഞ രണ്ട് ഹർജികളിലും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ എസ്.പി.ഐ.ഒ./അപ്പീൽ അധികാരി എന്നിവരാണ് എതിർകക്ഷികൾ എന്നതും ശ്രദ്ധേയമാണ്.

4. **CBSE *Vs* Aditya Bandopadhayay & Others** എന്ന കേസിലെ സുപ്രീം കോടതിയുടെ 9.8.2011 ലെ വിധിന്യായത്തിൽ വിവരാവകാശ ദുരുപയോഗം സംബന്ധിച്ച് ബഹു. സുപ്രീം കോടതി താഴെ പറയുന്ന പരാമർശങ്ങൾ നടത്തിയിട്ടുണ്ട്:

"The Act should not be allowed to be misused or abused, to become a tool to obstruct the national development and integration, or to destroy the peace, tranquility and harmony among its citizens. Nor should it be converted into a tool of oppression or intimidation of honest officials striving to do their duty. The nation does not want a scenario when 75% of the staff of public authorities spends 75% of their time in collecting and furnishing information to applicants instead of discharging their regular duties. The threat of penalties under the RTI Act and the pressure of the authorities under the RTI Act should not lead to employees of public authorities prioritizing 'information furnishing', at the cost of their normal and regular duties".

5. കൂടാതെ Rajesh Kumar Sharma Vs Chief Information Commissioner & others എന്ന കേസിലെ 6.4.2017-ലെ വിധിന്യായത്തിൽ ബഹു. പഞ്ചാബ് & ഹരിയാന ഹൈക്കോടതി വിവരാവകാശ ദുരുപയോഗം സംബന്ധിച്ച് താഴെപ്പറയുന്ന പരാമർശങ്ങൾ നടത്തിയിട്ടുണ്ട്:

"It is not disputed that the Petitioner has filed more than 200 RTI applications and over 250 complaints to the authorities in the capacity as a whistle blower so as to expose the corruption/irregularities in the same bank from which bank he has been dismissed".

"The manner in which the provisions of the RTI Act, are being utilized, are indicative of the fact that the right of information can be misused by a party with an objective to harass other persons without there being any public interest involved as there is no provision made in the RTI Act to require a person to specify the reason and object of seeking a particular information".

"It is high time that the bonafide of an applicant should be certified in the application filed for seeking a particular information with

another declaration that the supply of information is prohibited under provisions of any other particular law".

"Since the scope of issuance of any direction in context to any legislation or policy is meager, no direction can be issued in this context. However, the observations have been made on the basis of the flow of unreasonable and numberless applications before the information officers of the public authorities curtailing proper functioning of the Department resulting in wastage of time and money in the litigation arisen on the RTI Act, 2005".

6. കേന്ദ്ര വിവരാവകാശ കമ്മീഷൻ Narayan Singh അപ്പീൽ ഹർജിക്കാരനും Delhi Transport Corporation എതിർകക്ഷിയുമായ അപ്പീൽ ഹർജിയിലെ 6.5.2015-ലെ ഉത്തരവിൽ വിവരാവകാശ ദുരുപയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്:

"The Commission observed him in dozens of the cases and found him misrepresenting the matters very cleverly, hiding information, contradicting himself etc. He takes every matter to first and second appeal, deliberately so that such attendance itself would harass the officers. He drafts such RTI questions that at least half dozen officers to attend the first and second appeals. It appears he has a property dispute with his brother Hoshiar Singh or some other private vengence. The Commission has seen many cases of misuse of RTI but, this Appellant is the worst among all and his vengeance against his brother has no bounds at all. It is surprising that the DTC has not taken any steps to stop his blatant misuse of RTI. His multiple, repetitive and vexations questions about trivial things of his brother resulting in the choking the system in DTC is the most serious misuse of RTI Act. Because of this, the public authority is being engaged continuously to answer his meaningless question. Dozens of RTI applications and hundreds of questions were filed against

Mr. Hoshiar Singh are either his personal information or third party information. Appellant relentlessly pursues as if he does not have any other work, causing criminal waste of time of Public information Officer and First Appellate Authority and the Commission".

7. മേൽ ഹർജിയിൽ കേന്ദ്ര വിവരാവകാശ കമ്മീഷൻ ബഹു. മദ്രാസ് ഹൈക്കോടതിയുടെ P.Jayasanker VS Chief Secretary to Govt. of Tamilnadu and Gunaseelan IPS എന്ന കേസിലെ 18.2.2013-ലെ വിധിന്യായം പരാമർശിച്ച് വിവരാവകാശ നിയമ ദുരുപയോഗത്തിനെതിരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്:

"When specific power was vested on Commissioner and Commission had proceeded against information seeker it would be open to said authority to disqualify particular information seeker by passing speaking order". Though the Commission, finds this a fit case to prohibit this reckless abuser of RTI, it chooses this occasion to admonish the appellant Mr. Narayan Singh and wants him to desist from this kind of harassment. The Commission recommends the DTC to prepare a brief on his misuse of RTI giving statistics etc. about his applications and appeal besides giving the number of complaints filed by him and attach this order that note which shall be displayed at prominent place in the office and put on official website under heading of "misuse of RTI". Commission also directs to take all steps to protect Mr. Hoshiar singh and recommends the public authority to see that he is not further harassed by his inimical brother. Even if he files a single RTI application about his brother after this order to harass the public authority, the Commission recommends to institute appropriate proceedings against him as per law".

8. അപ്പീൽ ഹർജിക്കാരനായ ശ്രീ. സതീഷ് കുമാർ കെ.എ. സമർപ്പിച്ച അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ വിവരാവകാശ

അപേക്ഷയിൽ ആവശ്യപ്പെട്ടത് യാതൊരു പൊതുതാത്പര്യവും ഇല്ലാത്ത വ്യക്തിഗത വിവരങ്ങളാണ് എന്ന് കമ്മീഷന് ബോധ്യമാകുന്നു. കൂടാതെ എതിർകക്ഷി സ്ഥാപനത്തിലെ അധ്യാപകനായ ഹർജിക്കാരൻ നിരന്തരം എതിർകക്ഷി സ്ഥാപനത്തിൽ വിവരാവകാശ അപേക്ഷ സമർപ്പിച്ച് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നത് കമ്മീഷൻ ഗൗരവത്തോടെ കാണുന്നു. മേലിൽ നിരന്തരം വിവരാവകാശ അപേക്ഷ/അപ്പീൽ എന്നിവ നൽകി എതിർകക്ഷി സ്ഥാപനത്തിന്റെയും രണ്ടാം അപ്പീൽ നൽകി കമ്മീഷന്റെയും വിലപ്പെട്ട സമയം അപഹരിക്കരുതെന്ന് കമ്മീഷൻ ഹർജിക്കാരനെ ശക്തമായി താക്കീത് ചെയ്ത് ഈ അപ്പീൽ ഹർജി തള്ളി ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 20-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി